# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025- 26

## സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ പൊട്ടൻകാട്

## സ്കൂൾ അനുബന്ധം

| | |
|---|---|
| ജില്ല | : ഇടുക്കി |
| വിദ്യാഭ്യാസ ജില്ല | : തൊടുപുഴ |
| വിദ്യാഭ്യാസ ഉപജില്ല | : അടിമാലി |
| ബി. ആർ. സി. | : അടിമാലി |
| സി. ആർ. സി. | : ബൈസൺവാലി |
| വില്ലേജ് | : ബൈസൺവാലി |
| പഞ്ചായത്ത് | : ബൈസൺവാലി |
| ലോക് സഭാമണ്ഡലം | : ഇടുക്കി |
| നിയമസഭാ മണ്ഡലം | : ദേവികുളം |
| ബ്ലോക്ക് | : അടിമാലി |
| ഹെഡ് മിസ്ട്രസ് | : ജോമോൾ എം.ടി |
| ഫോൺ | : 9961812630 |

# വിദ്യാലയ വികസന രേഖ

- ആമുഖം
- ചരിത്രം
- അക്കാദമിക നിലവാരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ.
- അവസ്ഥാ വിശകലനം - ഭൗതികം , അക്കാദമികം
- കാഴ്ചപ്പാട്
- തുടർ വർഷങ്ങളിൽ ആവശ്യമായ പ്രവർത്തനങ്ങൾ
- ലക്ഷ്യങ്ങൾ

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
2. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
3. ഭാഷാശേഷി വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ.
4. ശാസ്ത്ര , ഗണിതശാസ്ത്ര , സാമൂഹ്യശാസ്ത്ര പോഷണം .
5. ഇംഗ്ലീഷ് പഠന പരിപോഷണം .
6. നിയമാവബോധം.
7. കുട്ടികൾ പ്രകൃതി സംരക്ഷകരായി മാറുക.

# അക്കാദമിക പ്രവർത്തനങ്ങൾ

1. ഭാഷ നന്നായി എഴുതാനും വായിക്കാനും കൈകാര്യം ചെയ്യുവാനുമുള്ള കഴിവ്.
ഗണിതത്തിലെ ചതുഷ്ക്രിയകൾ അനായാസമായി ചെയ്യാനുള്ള കഴിവ് എല്ലാ കുട്ടികൾക്കും ആർജ്ജിക്കാനുതകുന്ന സവിശേഷ പരിഗണന പരിപാടികൾ - വിവിധ പഠനനിലവാരത്തിലുള്ള കുട്ടികൾക്ക് നിലവാരമനുസരിച്ചുള്ള ക്ലാസുകൾ .
2. ശാസ്ത്ര , സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ സവിശേഷ അഭിരുചിയുള്ള കുട്ടികളെ വാർത്തെടുക്കുന്നതിനായി മേളകൾ , പ്രദർശനങ്ങൾ , സെമിനാറുകൾ എന്നിവ നടത്തുക.
3. എല്ലാ ദിവസവും പത്രപാരായണം , ക്ലാസ് ലൈബ്രറി, സർഗ്ഗാത്മക രചനകൾ , ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കൽ , മാഗസിൻ , നിർമ്മാണം , ആനുകാലിക വിഷയങ്ങളിൽ സംവാദങ്ങൾ , പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേകം ക്ലാസുകൾ.
4. ഇംഗ്ലീഷ് പഠനപരിപോഷണത്തിനായി ഡയറി എഴുതിക്കുക , ഇംഗ്ലീഷ് പത്രപാരായണം , ദിവസം 5 വാക്കുകളുടെ വീതം അർത്ഥം പഠിപ്പിക്കുക, കുട്ടികളിലൂടെ ഗ്രാമർ പരിശീലനം.
5. സർക്കിൾ ഇൻസ്പെക്ടർമാർ, ഫോറസ്റ്റ് വകുപ്പ് ഉദ്യോഗസ്ഥർ , വക്കീലൻമാർ, സൈബർ സെൽ ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ നിയമാവബോധം കുട്ടികളിൽ എത്തിയ്ക്കൽ.
6. ഹരിതപരിസരം, ജൈവവൈവിധ്യ പാർക്ക്, ഔഷധോദ്യാനം , വിഷരഹിത പച്ചക്കറി ,പ്ലാസ്റ്റിക് രഹിത വിദ്യാലയം , പൂന്തോട്ടം , വിദ്യാലയ കെട്ടിടങ്ങളുടെ പുറംഭിത്തിയും അകംഭിത്തിയും പഠനമൂല്യമുള്ളതാക്കൽ.
7. മാലിന്യശേഖരണ സംസ്കരണ സംവിധാനം.

ആമുഖം

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിലാണ് സെന്റ് . സെബാസ്റ്റ്യൻസ് ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത് . കുടിയേറ്റത്തിന്റെ ചരിത്രത്തിൽ നിന്നാണ് പൊട്ടൻകാട് സ്കൂളിന്റെ ചരിത്രം ആരംഭിക്കുന്നത്.

പൊട്ടൻകാടിന്റെ വികസനോൻമുഖ യാത്രയിൽ അൻപതു വർഷമായി ഈ നാടിന്റെ സാംസ്കാരിക വളർച്ചയുടെ പ്രഭവകേന്ദ്രമായ സെന്റ്. സെബാസ്റ്റ്യൻസ് ഹൈസ്കൂൾ , കുടിയേറ്റത്തിന്റെ ക്ലേശങ്ങളും അരക്ഷിതത്വവും അലോസരപ്പെടുത്തിക്കൊണ്ടിരുന്ന കാലത്ത്, തലമുറയ്ക്ക് അറിവിന്റെ കൈത്തിരിവെട്ടം പകരാൻ കോതമംഗലം രൂപതയുടെ കീഴിൽ 1968 ജൂൺ 1-ന് സ്ഥാപിതമായി. സെന്റ് . സെബാസ്റ്റ്യൻസ് ഹൈസ്കൂളിന്റെ ആദ്യമാനേജരായി റവ. ഫാ. ജോൺ കുറ്റിയറയും ആദ്യ ഹെഡ്മാസ്റ്ററായി ശ്രീ. ജോർജ്ജ് തോമസും ചുമതലയേറ്റു. നാളിതുവരെ 13 ഹെഡ്മാസ്റ്റർമാർ ഈ സ്കൂളിൽ സേവനമനുഷ്ഠിച്ചു. 1968-ൽ ഹൈസ്കൂളും , 1980-ൽ യു.പി സ്കൂളും ആരംഭിച്ചു. അന്നത്തെ കടുത്ത സാമ്പത്തിക വൈഷമ്യങ്ങൾക്കിടയിൽ സ്ഥിരമായ

കെട്ടിടം നിർമ്മിക്കാൻ ബഹുമാനപ്പെട്ട ജോണച്ചന്റെ നേതൃത്വത്തിൽ ഈ ഗ്രാമം ഒറ്റക്കെട്ടായി നടത്തിയ ഐതിഹാസിക ശ്രമം ഈ നാടിന്റെ ചരിത്രത്തിന്റെ ഭാഗമാണ്.

ഇല്ലായ്മകളുടെ നടുവിൽ ഒരു സമൂഹം മുണ്ടുമുറുക്കിയുടുത്ത് സ്വരൂപിച്ച പണവും ഇവിടുത്തെ മുൻതലമുറയുടെ കായികശേഷിയും നിശ്ചയദാർഢ്യവും ഐക്യവും സമന്വയിച്ചപ്പോൾ സ്വന്തം കെട്ടിടമെന്ന ലക്ഷ്യം പ്രാപ്യമായി.കെട്ടിട നിർമ്മാണത്തിൽ

നേതൃത്വം നല്കുകയും വിവിധ തരത്തിലുള്ള സംഭാവനകൾ നല്കുകയും ചെയ്ത മൺമറഞ്ഞുപോയ മുൻഗാമികളുടെ സ്മരണയ്ക്ക് മുന്നിൽ ആദരവോടെ ശിരസ്സ നമിക്കുന്നു. ഈ നാടിന്റെ കരുത്തായി , വഴികാട്ടിയായി ഇന്നും ജീവിക്കുന്ന സുമനസ്സുകളുടെ സേവനങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. 2004-ൽ മാർ.മാത്യു ആനികുഴിക്കാട്ടിൽ രൂപതാദ്ധ്യക്ഷനായി രൂപീകൃതമായ ഇടുക്കി രൂപതാഏജൻസിയുടെ നേതൃത്വത്തിലാണ് നമ്മുടെ വിദ്യാലയ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇടുക്കി രൂപതയുടെ ആദ്യ വിദ്യാഭ്യാസ സെക്രട്ടറി ബഹുമാനപ്പെട്ട റവ. ഫാ. ജോസ് കരിവേലിക്കലായിരുന്നു. ഇടുക്കി രൂപതയുടെ അഭിവന്ദ്യപിതാവ് മാർ ജോൺ നെല്ലിക്കുന്നേലിന്റെ ദീർഘ വീക്ഷണവും, ഇടുക്കി രൂപത വിദ്യാഭ്യാസ സെക്രട്ടറി വെരി.റവ. ഫാ.ജോർജ് തകിടിയേലിന്റെ നിതാന്ത ജാഗ്രതയും സ്കൂൾ മാനേജർ റവ. ഫാ.ഫിലിപ്പ് താഴത്തുവീട്ടിലിന്റെ നേതൃത്വവും സ്കൂളിനെ ഉന്നതിയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു.ശ്രീ. ഡാനി അഗസ്റ്റ്യൻ വേരംപ്ലാക്കൽ പി.ടി.എ പ്രസിഡന്റായും ശ്രീമതി മോളി ബെന്നി എം. പി.ടി.എ പ്രസിഡന്റായും ശ്രീ. ജിയോ വരിക്കയിൽ പി.ടി.എ വൈസ് പ്രസിഡന്റായും ശ്രീമതി ഉഷ എം. പി.ടി.എ വൈസ് പ്രസിഡന്റായും സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് പിൻതുണ നൽകുന്നു. പാഠ്യപാഠ്യേതര രംഗത്ത് ഇടുക്കി ജില്ലയിൽ മുൻനിരയിൽ നിൽക്കുന്ന സ്കൂളുകളിൽ ഒന്നാണിത് .ഗുണമേൻമാവിദ്യാഭ്യാസം എന്ന ലക്ഷ്യത്തെ അടിസ്ഥാനമാക്കി അക്കാദമിക രംഗത്തും കലാകായിക

ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും മികവ് പുലർത്താൻ സ്കൂൾ പരിശ്രമിക്കുന്നു. ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ സ്കോളർഷിപ്പ് മത്സര പരീക്ഷകളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു.ഉൾച്ചേരൽ

വിദ്യാഭ്യാസം പ്രാവർത്തികമാക്കാൻ വ്യത്യസ്ത രീതിയിലുള്ള ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്ന പരിഹാരത്തിനുവേണ്ടി ഫലപ്രദമായ രീതിയിൽ കൗൺസിലിംഗ് നടത്തിയും ഭവനസന്ദർശനം നടത്തിയും പഠനത്തിന് സാഹചര്യമൊരുക്കുന്നു. ഓരോ പ്രവർത്തനങ്ങളും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുകയും ചെയ്യുന്നു. പാഠ്യ പാഠ്യേതര രംഗത്തെ മുന്നേറ്റങ്ങൾക്ക് ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിന് PTA യുടെ സഹായവും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ഗ്രാമപഞ്ചായത്ത് തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്തുവാൻ സ്കൂളിന് കഴിയുന്നുണ്ട്. പ്ലാസ്റ്റിക് വിമുക്തമായ ഹരിതഭംഗിയാർന്ന ഒരു കാമ്പസ് സ്കൂളിനെ കൂടുതൽ മനോഹരമാക്കുന്നു. 2025-26 അധ്യയന വർഷം
15 ഡിവിഷനുകളിലായി 479 കുട്ടികൾ പഠിക്കുന്നു. 23 അധ്യാപകരും 4 അനധ്യാപകരും ഇവിടെ സേവനമനുഷ്ഠിച്ചു വരുന്നു.

അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - വികസന ലക്ഷ്യങ്ങൾ

1 ഭാഷാശേഷി വികസനം

2. ഗണിത ശേഷി വികസനം

3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ

4. വായനാ ശേഷി വർദ്ധിപ്പിക്കൽ

5. ശാസ്ത്രപോഷണ പരിപാടി

6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം,സാമൂഹ്യശാസ്ത്രം

7. പ്രതിഭാപോഷണ പരിപാടി

8. ലൈബ്രറി ശാക്തീകരണം

9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ

10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

11. പഠനയാത്രകൾ

12. സ്കൂൾ പത്രം, കയ്യെഴുത്ത് മാസിക

13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം

14. പ്രവൃത്തി പരിചയ പരിശീലനം

15. കലാപരിപോഷണം

16. പച്ചക്കറിത്തോട്ടം

17. സാഹിത്യ ശില്പശാലകൾ

18. മെഡിക്കൽ ക്യാമ്പുകൾ

19. രക്തഗ്രൂപ്പ് നിർണയം

20. NCC,സ്കൗട്ട് & ഗൈഡ് , JRC,Little Kite ഇവ വഴി കുട്ടികളുടെ കാര്യക്ഷമതയും സാമൂഹിക അവബോധവും വർദ്ധിപ്പിക്കുക.

21.ഭാഷാ ലാബ്

22. AI പോലുള്ള നൂതന സംവിധാനങ്ങളെക്കുറിച്ച് കുട്ടികളിൽ കൂടുതൽ ധാരണ ഉണ്ടാക്കുക. തുടങ്ങിയവക്ക് ആവശ്യമായ പ്രവർത്തനപദ്ധതികളാണ് ഈ മാർഗ്ഗ രേഖയിൽ വിഭാവനം ചെയ്യുന്നത്.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് / തിയതി | ചുമതല |
|---|---|---|---|---|
| I | ദിനാചരണങ്ങൾ | 1 .പരിസ്ഥിതിദിനം<br>2. വായനാദിനം<br>3 .അന്താരാഷ്ട്രയോഗാദിനം<br>4. ലഹരിവിരുദ്ധദിനം | ജൂൺ 5<br>ജൂൺ 19<br>ജൂൺ 21<br>ജൂൺ 26 | Ecco Club<br>മലയാള വിഭാഗം<br>NCC<br>വിമുക്തി ക്ലബ് |
| | | 5. ലോകജനസംഖ്യാദിനം<br>6. ചാന്ദ്രദിനം<br>7. എ. പി. ജെ. അബ്ദുൾകലാം ചരമദിനം | ജൂലൈ 11<br>ജൂലൈ 21<br>ജൂലൈ 27 | S.S Club<br>Science Club<br>S.S Club |
| | | 8. ഹിരോഷിമ ദിനം<br>9. സ്വാതന്ത്ര്യദിനം | ആഗസ്റ്റ് 6<br>ആഗസ്റ്റ് 15 | S.S Club<br>S.S Club |
| | | 10. അധ്യാപകദിനം<br>11. ഓണഘോഷം<br>12. ഹിന്ദി ദിനം | സെപ്റ്റംബർ 5<br>സെപ്റ്റംബർ 5<br>സെപ്റ്റംബർ 14 | All Students<br>PTA & Staff |

| | | | | |
|---|---|---|---|---|
| | | | | Hindi Club |
| | | 13. ഗാന്ധിജയന്തി | ഒക്ടോബർ 2 | SS Club |
| | | 14.കേരള പിറവി ദിനം<br>15.സ്കൗട്ട് ഗൈഡ് സ്ഥാപക ദിനം<br>16.ശിശുദിനം | നവംബർ 1<br>നവംബർ 7<br><br>നവംബർ 14 | <br><br><br>PTA & Staff |
| | | 17.ദേശീയഗണിതദിനം<br>18.. ക്രിസ്തുമസ് | ഡിസംബർ 22<br>ഡിസംബർ 25 | Maths Club<br>KCSL |
| | | 19.ന്യൂ ഇയർ<br>20.റിപ്പബ്ലിക് ഡേ<br>21.മാതൃഭാഷാദിനം<br>22.ദേശീയശാസ്ത്രദിനം | ജനുവരി 1<br>ജനുവരി 26<br>ഫെബ്രുവരി 21<br>ഫെബ്രുവരി28 | SS Club<br>NCC<br><br>Vidhyarangam<br>Science Club |
| II | ഭൗതികസാഹ<br>ച<br>ര്യങ്ങൾ<br>മെച്ചപ്പെടുത്തൽ | 1.ക്ലാസ്സ് മുറികൾ പ്രവർത്തന<br>ക്ഷമമാക്കുക<br>2.പാചകപ്പുര പ്രവർത്തന<br>ക്ഷമമാക്കുക<br>3.പൂന്തോട്ടനിർമ്മാണം,<br>പരിപാലനം<br>4.പച്ചക്കറിത്തോട്ട<br>നിർമ്മാണം<br>5 പാഠ്യേതര ഇനങ്ങളുടെ<br>പരിശീലനത്തിന് | മെയ് | Management,PTA & Staff |

| | | | | |
|---|---|---|---|---|
| | | പ്രത്യേക സംവിധാനം | ആഗസ്റ്റ് | |
| III | Learning Assessment | 1. Unit Test<br>2.Monthly Evaluation<br><br><br>3. First Mid Term<br>4. First Term<br>5. Second Mid Term<br>6. Second Term<br>7. SSLC Pre Model<br>8. SSLC Model<br>9.Annual Examination | Each Week<br>Last week of every month<br><br>July 14-18<br>Aug 21-29<br>Oct. 13-17<br>Dec 15-23<br>Jan 5-9<br>Feb . 9-13<br>Feb -March | |
| IV | Arts | Training for students<br><br>School Arts Festival | June15 – Aug22<br>Sept 9 | Arts Club |
| V | Sports | Training for students | June 16- Oct. 10<br>October 17 | Sports Club |

## അക്കാദമികമാസ്റ്റർ പ്ലാൻ 2025-26 പദ്ധതി ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ

ദേശീയ- അന്തർദേശീയ നിലവാരത്തിൽ സ്കൂൾ പഠനം പൂർത്തിയാക്കുന്നതിനായുള്ള ശേഷികളും, ശാസ്ത്രം, ഗണിതശാസ്ത്രം, ഭാഷാശേഷികൾ എന്നിവ അടിസ്ഥാനപ്പെടുത്തി ജൂൺ മുതൽ മാർച്ച് വരെയുള്ള അക്കാദമിക വർഷത്തിൽ പഠന- ബോധന പ്രവർത്തനങ്ങളിലൂടെ പൊതു വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടിയെടുക്കുക എന്നതാണ് പദ്ധതിയെ ലക്ഷ്യം .

ഓരോ വിദ്യാർത്ഥിയുടെയും സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ് സമഗ്ര വ്യക്തിത്വ വികസനം സാധ്യനാക്കുകയാണ് നമ്മുടെ ലക്ഷ്യം.

## പദ്ധതി ആസൂത്രണം .

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യമാക്കുന്നു. അക്കാദമിക നിലവാരം ഉയർത്തുന്നതിനായി പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികളെ തെരഞ്ഞെടുത്ത് അധിക പരിശീലനം നൽകുന്നു. കുട്ടികൾ തയ്യാറാക്കുന്ന പതിപ്പുകൾ, മാഗസിനുകൾ, പഠന പ്രവർത്തനങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുവാനുള്ള അവസരം നൽകുന്നു. പഠനപിന്നാക്കം നിൽക്കുന്ന കുട്ടികളെക്കൂടി ഉൾപ്പെടുത്തി പഠനപ്രവർത്തനങ്ങൾ നടത്തുന്നു.ഉൾച്ചേരൽ വിദ്യാഭ്യാസം സാധ്യമാക്കുന്നു.
- വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. അഞ്ചാം ക്ലാസുമുതൽ പത്താം ക്ലാസുവരെയുള്ള കുട്ടികൾക്ക് ലഭിക്കേണ്ട അടിസ്ഥാന അറിവ് ലഭിച്ചുവെന്ന് ഉറവുവരുത്തുന്നു. പ്രത്യേക പഠനപിന്തുണയും സഹായങ്ങളും ആവശ്യമായ കുട്ടികൾക്ക് ആവശ്യമായ പരിഹാര ബോധനം നൽകുന്നു. മൾടിമീഡിയ ഉപയോഗിച്ച് പഠനപ്രക്രിയ രസകരമാക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ്സ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്കു പുറമെ കല, കായിക, പ്രവർത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു. ക്ലാസ് റും അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് പ്രതിമാസകലണ്ടർ തയ്യാറാക്കി ദിനാചരണങ്ങൾ, കലാകായിക, പ്രവർത്തിപരിചയ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമാക്കുന്നു. സ്കൂർ
- അസംബ്ലിയിൽ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്നു.വിദ്യാലയത്തിലെ പഠനപിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും
ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ കുട്ടികൾക്കും ലൈബ്രറി വിവിധ വിഷയങ്ങൾ
- അടിസ്ഥാനമാക്കി സ്കൂൾ ക്വിസ് എല്ലാ ദിവസങ്ങളിലും പരിശീലിപ്പിക്കുന്നു.

- ICT സാധ്യത പ്രയോജനപ്പെടുത്തി പഠനം രസകരമാക്കുന്നു. ക്ലാസ്റൂം ലൈബ്രറി നിർമ്മിക്കുന്നു. ലബോറട്ടറി പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ശാസ്ത്രകൗതുകം വളർത്തിയെടുക്കുന്നു. ശാസ്ത്രസാങ്കേതിക ഉപകരണങ്ങൾ നിർമിക്കുവാൻപ്രോത്സാഹിപ്പിക്കുന്നു.
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പാഠ്യപാഠ്യേതര വിഷയങ്ങളിൽ പ്രത്യേക പരിഗണന നൽകി പഠന സഹായവും, പഠനപിന്തുണയും നൽകുന്നു.

- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ,ഉദ്യാനം, മൈതാനം...) എന്നിവ വിദ്യാർത്ഥി സഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികൾക്കൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു. വിഷരഹിതവും പോഷകസമ്പുഷ്ടവുമായ ജൈവപച്ചക്കറികൾ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നു. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ പി.ടി.എകമ്മിറ്റിയുടെ സഹകരണത്തോടെ ജൈവപച്ചക്കറിത്തോട്ടം നട്ടുപിടിപ്പിച്ച് പരിപാലിക്കുന്നു. സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽവിദ്യാലയാങ്കണത്തിൽ രാവിലെയും വൈകുന്നേരവും പ്രത്യേക പരിശീലനങ്ങൾ നൽകുന്നു. വിദ്യാലയാങ്കണത്തിൽ ഉദ്യാനം നിർമ്മിക്കുന്നു.NCC, SCOUT &GUIDE, JRC ,LITTLE KITE എന്നീസംഘടകളുടെയും വിവിധ ക്ലബ്ബുകളുടെയും പ്രവർത്തനം ഊർജ്ജിതമാക്കുന്നു.

- ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടലാക്കുകയുംചെയ്യുന്നു. മൾട്ടി മീഡിയ ഉപയോഗിച്ച് പഠനം ആസ്വാദ്യകരമാക്കുന്ന ആഴ്ചയിലും മാസത്തിലും നിരന്തരമൂല്യ നിർണ്ണയം നടത്തി നിർദ്ദിഷ്ട പഠന നേട്ടം എല്ലാ വിദ്യാർത്ഥികൾക്കും ഉറപ്പുവരുത്തുന്നു. കുട്ടികളുടെ മികവുകളും കുറവുകളുംകുട്ടിയേയും രക്ഷാകർത്താക്കളെയും ബോധ്യപ്പെടുത്തുന്നു. പഠനാനുഭവങ്ങൾ, മികവുകൾ എന്നിവ ക്ലാസ്സ് പി.ടി.എയുടെ ഭാഗമാക്കുന്നു.•വിദ്യാർത്ഥികളും അധ്യാപകരും തമ്മിലുള്ള പരസ്പര ബന്ധവും, സമൂഹവുമായുള്ള ബന്ധവും, ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് കൗൺസിലിംഗ് , മോട്ടിവേഷൻ ക്ലാസുകൾ എന്നിവ നൽകുന്നു. പി.ടി.എ. യുടെ സഹകരണത്തോടെ സ്കൂളിന്പ്രാദേശിക ഫണ്ട് ലഭിക്കുന്നതിനുള്ള സൗകര്യം ആശയവിനിമയത്തിലൂടെ സാധ്യമാക്കുന്നു. വിവിധ വകുപ്പുകൾ, ഏജൻസികൾ,

- സംഘടനകൾ ക്ലബ്ബുകൾ, മുതലായവരുടെ സഹായസഹകരണത്തോടെ വിദ്യാലയ വികസന പദ്ധതി രൂപീകരിക്കുന്നു. പൊതു പി.ടി.എ. ദവനസന്ദർശനം എന്നീ പ്രവർത്തനങ്ങളിലൂടെ വദ്യാർത്ഥി അധ്യാപക- രക്ഷാകർതൃബന്ധം സുദൃഢമാക്കുന്നു.

- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള

പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. പഠന ബോധന പ്രവർത്തനങ്ങളിൽ സാമൂഹിക - സാമ്പത്തിക സാംസ്കാരിക വ്യത്യാസങ്ങളില്ലാതെ ഭിന്നശേഷിക്കാരായ കുട്ടികളെക്കൂടി ഉൾപ്പെടുത്തുന്നു ങ്ങൾ . കുട്ടികൾക്ക് ആത്മവിശ്വാസം വളർത്തുന്നതിനായിമൈക്രോ ടീച്ചറിംങ് ഏർപ്പെടുത്തുന്നു.

- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ സമഗ്ര വികസനം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയം സജ്ജമാക്കുന്നു. DEO,AEO,BRC തുടങ്ങിയ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന വിദ്യാദ്യാസ പദ്ധതികൾ പൂർത്തീകരിക്കുന്നു. കുട്ടികളുടെ പഠനപിന്നാക്കാവസ്ഥയ്ക്ക് കാരണം കണ്ടെത്തി ഇടവേള സമയങ്ങൾ കണ്ടെത്തിവിഷയാടിസ്ഥാനത്തിൽ മൈക്രോടിച്ചറിംങ് നൽകുന്നു. ചിട്ടയായ ടൈംടേബിൾ നൽകി നിരന്തര വിലയിരുത്തലുകൾ നടത്തി ഓൺലൈൻ, ഓഫ്ലൈൻ ക്ലാസുകളിലൂടെ പഠനപുരോഗതികൈവരിക്കുന്നു. അധ്യാപകർ കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് സംരക്ഷണവും ശ്രദ്ധയും ആത്മവിശ്വാസവും ഉറപ്പുവരുത്തുന്നു. പൊതുവായഅച്ചടക്കം നിലനിർത്തുന്നതിനായി കൃത്യമായ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നു. അച്ചടക്കരഹിതമായ രീതികൾ ഉണ്ടായാൽമാതാപിതാക്കളെ അറിയിച്ച് നല്ല പെരുമാറ്റ ശീലത്തെക്കുറിച്ച് ബോധ്യം നൽകുന്നു. ക്ലാസ് ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും അസംബ്ലി, ഡ്രൈഡേ, ആർട്സ് ഡേ, ലൈബ്രറി റീഡിംഗ് എന്നിവ പരിശീലിപ്പിക്കുന്നു.

## <u>പഠനപ്രശ്നങ്ങൾ</u>

5 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.

## <u>പ്രശ്ന വിശകലനം</u>

കുട്ടികളിൽ വായനയുടേയും എഴുത്തിന്റേയും കുറവ് സംഭവിച്ചിരിക്കുന്നതാണ് ഈ പ്രശ്നത്തിനുള്ള അടിസ്ഥാന കാരണം

## <u>പരിഹാര നിർദ്ദേശം.</u>

ക്ലാസ് ലൈബ്രറികളുടെ സഹായത്തോടെ ഭാഷാ അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികളെ വായനയുടേയും എഴുത്തിന്റേയും ലോകത്തേയ്ക്ക് എത്തിക്കുന്നു.

# പ്രവർത്തന കലണ്ടർ

## ജൂൺ 2025

02.06.2025 – പ്രവേശനോത്സവം, അസംബ്ലി, ടൈംറ്റേബിൾ 2025-26

05.06.2025 – ലോക പരിസ്ഥിതിദിനം പ്രവർത്തനങ്ങൾ, അസംബ്ലി, SRG മീറ്റിംഗ്

12.06.2025– അസംബ്ലി, SRG മീറ്റിംഗ് , സ്റ്റാഫ് കൺസിൽ,ലോക ബാലവേല വിരുദ്ധ ദിനം

14.06.2025 – ലോക രക്തദാനദിന പ്രവർത്തനങ്ങൾ

19.06.2025 – വായനാദിനമാസാചരണം പ്രവർത്തനങ്ങൾ, അസംബ്ലി, SRG മീറ്റിംഗ്

20.06.2025– ലോക യോഗാദിനം പ്രവർത്തനങ്ങൾ, അസംബ്ലി

25.06.2025 – അസംബ്ലി, ലോക ലഹരിവിരുദ്ധദിനം പ്രവർത്തനങ്ങൾ, SRG മീറ്റിംഗ്

27.06.2025 – പച്ചക്കറി കൃഷി പരിപാലനം

30.06.2025 – മാസപരീക്ഷ

## ജൂലൈ 2025

01.07.2025 – ഡോക്ടേഴ്സ് ഡേ ദിനാചരണം– പ്രവർത്തനങ്ങൾ,

04.07.2025 – അസംബ്ലി, SRG മീറ്റിംഗ് , Staff Council,Monthly Test-Evaluation

07.07.2025 – വൈക്കം മുഹമദ്ബഷീർ ദിനാചരണം പ്രവർത്തനങ്ങൾ, വായനപക്ഷാചരണ സമാപാനം,വിവിധ ക്ലബുകളുടെ ഉദ്ഘാടനം.Merit Day

10.07.2025 – അസംബ്ലി, SRG മീറ്റിംഗ്

11.07.2025 – ലോക ജനസംഖ്യദിനം – ബോധവൽക്കരണം

17.07.2025 – അസംബ്ലി, SRG മീറ്റിംഗ് ,First Mid Term Evaluation,Staff council

21.07.2025 – ചാന്ദ്രദിനം– പ്രവർത്തനങ്ങൾ,

24.07.2025- അസംബ്ലി, SRG മീറ്റിംഗ്

28.07.2025 – APJ അബ്ദുൽ കലാം ഓർമ്മദിനം- പ്രവർത്തനങ്ങൾ

28.07.2025 – ലോക പ്രകൃതി സംരക്ഷണദിനം – ജൈവവൈവിധ്യ ക്ലബ് പ്രവർത്തനങ്ങൾ

30.07.2025 –Monthly test

## ആഗസ്റ്റ് 2025

01.08.2025 _ അസംബ്ലി, SRG മീറ്റിംഗ്

04.08.2025 –Class PTA

06.08.2025 ഹിരോഷിമദിനം പ്രവർത്തനങ്ങൾ

07.08.2025 അസംബ്ലി, SRG മീറ്റിംഗ് , Monthly Test Evaluation

14.08.2025_ അസംബ്ലി, SRG മീറ്റിംഗ്

15.08.2025 – അസംബ്ലി, ഇൻഡിപെൻഡൻസ് ഡേ പ്രവർത്തനങ്ങൾ

20.08.2025 – First Term Evaluation, കർഷക ദിനം പ്രവർത്തനങ്ങൾ

21.08.2025 – അസംബ്ലി, SRG മീറ്റിംഗ് , Staff Council

## സെപ്തംബർ 2025

08.09.2025 – ഓണാവധിക്കുശേഷം സ്കൂൾ തുറക്കുന്നു, അസംബ്ലി, SRG മീറ്റിംഗ് , വിവിധ ക്ലബ് പ്രവർത്തനങ്ങൾ

05.09.2025 – അധ്യാപകദിനം

08.09.2025- ലോക സാക്ഷരതാ ദിനം11.09.2025 – First term Evaluation ചർച്ച, അസംബ്ലി, SRG മീറ്റിംഗ് , ശാസ്ത്ര, കായിക,കലാ, ഐ റ്റി,പ്രവർത്തിപരിചയ മേളകൾ

15.09.2025 – ദേശീയ ഹിന്ദി ദിനം – പ്രവർത്തനങ്ങൾ

6.09.2025 – ഓസോൺ ദിനാചരണം പ്രവർത്തനങ്ങൾ

18.09.2025 – അസംബ്ലി, SRG മീറ്റിംഗ് , Staff Council

25.09.2025 – അസംബ്ലി, SRG മീറ്റിംഗ്

29.09.2025 – Monthly Text

## ഒക്ടോബർ 2025

02.10.2025 – ഗാന്ധിജയന്തി ദിനാചരണം പ്രവർത്തനങ്ങൾ

03.10.2025 – അസംബ്ലി, SRG മീറ്റിംഗ് , Staff Council, വിവിധ ക്ലബ് പ്രവർത്തനങ്ങൾ, Monthly Test Evaluation

09.10.2025 – ലോക തപാൽ ദിനം

10.10.2025 – അസംബ്ലി, SRG മീറ്റിംഗ് , Second Mid Term Examination

13.10.2025 – ലോക കായിക ദിനം

17.10.2025– അസംബ്ലി, SRG മീറ്റിംഗ് , Staff Council , Second Mid Term Evaluation,വിവിധ മേളകൾ പരിശീലനം,

24.10.2025 – അസംബ്ലി, SRG മീറ്റിംഗ് , ഐക്യരാഷ്ട്രദിനം– ബോധവൽക്കരണം

30.10.2025 – മാസപരീക്ഷ

## നവംബർ 2025

01.11.2025 – കേരളപ്പിറവിദിനാഘോഷം,

03.11.2025 – SRG മീറ്റിംഗ് , Staff Council,വിവിധ ക്ലബ്ബുകൾ, സംഘടന പ്രവർത്തനങ്ങൾ, Monthly Test Evaluation

07.11.2025 – അസംബ്ലി, ശാസ്ത്രമേള പരിശീലനങ്ങൾ, സി.വി. രാമൻ ദിനം, സ്കൗട്സ് $ഗൈഡ്സ് സ്ഥാപകദിനം– പ്രവർത്തനങ്ങൾ11.11.2025 – ദേശീയ വിദ്യാദ്യാസദിനം– ബോധവൽക്കരണം

14.11.2025 – അസംബ്ലി, ശിശുദിനാഘോഷം, SRG മീറ്റിംഗ് , Staff Council

21.11.2025 – അസംബ്ലി, SRG മീറ്റിംഗ്

28.11.2025 – അസംബ്ലി, SRG മീറ്റിംഗ്

29.11.2025 – Monthly Test

## ഡിസംബർ 2025

01.12.2025 – അസംബ്ലി, ലോക എയ്ഡ്സ് ദിന ബോധവൽക്കരണം, Monthly Test Evaluation

03.12.2025 – ലോക ഭിന്നശേഷി ദിനം – പ്രവർത്തനങ്ങൾ

04.12.2025 – SRG മീറ്റിംഗ് ,Staff Council, വിവിധ ക്ലബ്ബുകൾ, സംഘടന പ്രവർത്തനങ്ങൾ

10.12.2025 – മനുഷ്യാവകാശ ദിനം – പ്രവർത്തനങ്ങൾ

11.12.2025 – അസംബ്ലി, SRG മീറ്റിംഗ്

12.12.2025 – ദേശീയ ഊർജ്ജസംരക്ഷണ ദിനം, രണ്ടാം ടേം പരീക്ഷാ 2025

18.12.2025 – അസംബ്ലി, SRG മീറ്റിംഗ് , Staff Council

19.12.2025 – രണ്ടാം ടേം പരീക്ഷ അവസാനിക്കുന്നു. ക്രിസ്തുമസ് ആഘോഷം – ചർച്ച

20.12.2025 – ദേശീയ ഗണിതദിനം– ബോധവൽക്കരണം, ക്രിസ്തുമസ് അവധി

29.12.2025 ക്രിസ്തുമസ് അവധിക്കുശേഷം സ്കൂൾ തുറക്കൽ.

30.12.25 അസംബ്ലി, SRG മീറ്റിംഗ്,Result Analysis,General PTA

## ജനുവരി 2026

05.01.2026 Class PTA

10.01.2026 ലോക ഹിന്ദി ദിനം

12.01.2026 ലോക യുവജന ദിനം,വ്യായാമം,കായിക പ്രവർത്തനം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം.

26.01.2026 അസംബ്ലി, Republic Day പ്രവർത്തനങ്ങൾ

## February 2026

SSLC Model Examination

SSLC IT Examination

8,9 Annual IT Examination

## March 2026

SSLC Examination

Class 5 to 9 Annual Examination

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets - യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

# മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# മേഖല – ഹൈസ്കൂൾ – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി തിയേറ്ററുകൾ സജീകരിക്കുക. | | | |
| 3) വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

| മേഖല-ഹൈസ്കൂൾ ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1.ആശയ ധാരണ കൈവരിക്കൽ<br>2.നിർമ്മിതികളിലെ ശേഷി കൈവരിക്കൽ<br>3.ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | Pre test നടത്തി ലിസ്റ്റ് തയ്യാറാക്കുന്നു<br>ശിൽപ്പശാലകൾ<br>Field Trip | June-First week<br>തുടർ പ്രവർത്തനം<br>Each term | Maths Teachers<br>Maths Teachers<br>Teachers,P T A | Teachers Grant |

# മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

| മേഖല-ഹൈസ്കൂൾ-**Science** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1.നിരീക്ഷണ പാടവം വർദ്ധിപ്പിക്കുക | കുട്ടികൾ ലഘുപരീക്ഷണങ്ങൾ നടത്തുന്നു | June,July | Science Teachers | PTA & Staff |
| 2.വിശകലനശേഷി നേടുന്നു | സെമിനാർ പേപ്പറുകളുടെ അവതരണം | അക്കാദമിക വർഷം | Science Teachers | |
| 3.ശാസ്ത്ര ബോധം വളർത്തുക | ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | Science Teachers | |
| 4. ശാസ്ത്രീയമായ പരിസ്ഥിതി അവബോധം | പ്ലാസ്റ്റിക് രഹിത കാമ്പസ്, ഹരിതവൽകരണം | അക്കാദമിക വർഷം | Science Teachers | |

| മേഖല-ഹൈസ്കൂൾ-**Social Science** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1.സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക<br><br>2.സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക<br><br>3.കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക<br><br>4. വിവിധതരം മണ്ണിനെക്കുറിച്ചും,ജലാശയങ്ങളെക്കുറിച്ചു പരിചയപ്പെടുക | സാമൂഹ്യ ശാസ്ത്രലാബുകൾ ക്രമീകരിക്കുന്നു<br><br>ICT സാധ്യതകൾ ഉപയോഗിച്ച് സാമൂഹ്യ പരിഷ്കർത്താക്കളായ വ്യക്തികളെ പരിചയപ്പെടുന്നു.ചർച്ചകൾ,സ ംവാദങ്ങൾ,അഭിമുഖങ്ങൾ എന്നിവ നടത്തുന്നു<br><br>ക്വിസുകൾ,ദിനാചരണങ്ങൾ, പ്രശ്നോത്തരി എന്നിവയെക്കുറിച്ച് വ്യക് ത്തമായ ധാരണ നൽകുക<br><br>വിവധ മേഖലകളെക്കുറിച്ച് കുട്ടികളിൾ അവബോധം സൃഷ്ടിക്കുക. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | Social Science Teachers<br><br>Social Science Teachers<br><br>Social Science Teachers<br><br>Social Science Teachers<br><br>Social Science Teachers | PTA & Staff |

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 3) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |